**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **04-10-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട വെൽനസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഉപകേന്ദ്രം പനയംകോട്,ഉപകേന്ദ്രം കുരിശുമുട്ടം, ഉപകേന്ദ്രം പുന്നമൂട്,ഉപകേന്ദ്രം പുന്നാവൂർ, ഉപകേന്ദ്രം പ്ലാവൂർ എന്നിവയാണ് കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ള ഉപകേന്ദ്രങ്ങൾ.ടി ഉപകേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത വെൽനസ് സെന്ററുകളിലെ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; തുടർന്നുള്ള നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ? | (ബി) | നിലവിൽ മേൽ പറഞ്ഞ സബ് സെന്ററുകകളിൽ ഉപകേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടുന്ന സേവനങ്ങളാണ് നൽകി വരുന്നത്. പ്രസ്തുത സബ്സെന്ററുകൾ വെൽനസ് സെന്ററുകളായി ഉയർത്തുമ്പോൾ എം.എൽ.സി.പി, സ്റ്റാഫ് നഴ്സിന്റെ സേവനവും അതോടൊപ്പം വിവിധ ക്ലിനിക്കുകൾ സംഘടിപ്പിക്കുക, കാൻസർ, എൻ.സി.ഡി, പകർച്ചവ്യാധികൾ, അന്ധത തുടങ്ങിയുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങൾ, പ്രസ്തുത ഏരിയയിൽ ഉൾപ്പെടുന്ന വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ, കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ഗർഭിണികളുടെ പരിശോധന,മാനസികാരോഗ്യ പരിശോധനകൾ ,കൗൺസിലിംഗ്,ദന്തരോഗ പരിശോധന,പാലിയേറ്റീവ് കെയർ രോഗികളുടെ പരിശോധന, അത്യാവശ്യ ഘട്ടങ്ങളിൽ പ്രാഥമിക ശുശ്രൂഷകൾ നൽകുന്ന സേവനം, ടെലി കൗൺസിലിംഗ് തുടങ്ങിയ സേവങ്ങൾ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ